**പതിനാലാം കേരള നിയമസഭ**
**പതിനഞ്ചാം സമ്മേളനം**

| **നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3276** | | | **19.06.2019-ൽ മറുപടിയ്ക്ക്** |
|---|---|---|---|
| **പ്ലാസ്റ്റിക് മാലിന്യ സംസ്കരണത്തിൽ വന്ന വീഴ്ച** | | | |
| **ചോദ്യം** | | **ഉത്തരം** | |
| **ശ്രീ.പാറക്കൽ അബ്ദുല്ല** | | **എ.സി.മൊയ്തീൻ<br>തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി** | |
| (എ) | കേന്ദ്ര മലിനീകരണ നിയന്ത്രണ ബോർഡിന്റെ നിർദ്ദേശങ്ങൾ വേണ്ട രീതിയിൽ നടപ്പാക്കാൻ കേരളം വിമുഖത കാണിക്കുന്നതായ റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | കേന്ദ്ര മലിനീകരണ നിയന്ത്രണ ബോർഡിന്റെ നിർദ്ദേശങ്ങൾ നടപ്പാക്കാൻ കേരളം വിമുഖത കാണിച്ചിട്ടില്ല. |
| (ബി) | പ്ലാസ്റ്റിക് മാലിന്യങ്ങൾ സംസ്കരിക്കുന്നത് സംബന്ധിച്ച റിപ്പോർട്ട് കേന്ദ്ര മലിനീകരണ നിയന്ത്രണ ബോർഡിന് കേരളം സമർപ്പിക്കാത്തതിനെതിരെ ബോർഡ് ഹരിത ട്രൈബ്യൂണലിനെ സമീപിക്കുകയുണ്ടായോ; | (ബി)<br>&<br>(സി) | ബഹു. ദേശീയ ഹരിത ട്രൈബ്യൂണലിന്റെ ഒ.എ. നം.247/2017 ൽ 12.03.2019 ലെ ഉത്തരവു പ്രകാരം 30.04.2019 ന് മുമ്പായി സംസ്ഥാന സർക്കാർ കേന്ദ്ര മലിനീകരണ നിയന്ത്രണ ബോർഡിൽ പ്ലാസ്റ്റിക്ക് മാലിന്യ സംസ്കരണത്തെ സംബന്ധിച്ച കർമ്മ പദ്ധതി (2016 ലെ പ്ലാസ്റ്റിക്ക് മാനേജ്മെന്റ് റൂൾസ് പ്രകാരമുള്ള കർമ്മ പദ്ധതി) സമർപ്പിക്കാൻ നിർദ്ദേശിച്ചിരുന്നു. കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് സമയബന്ധിതമായി കർമ്മ പദ്ധതി കേന്ദ്ര മലിനീകരണ നിയന്ത്രണ ബോർഡിൽ സമർപ്പിച്ചിട്ടുണ്ട്. പ്ലാസ്റ്റിക്ക് മാലിന്യ സംസ്കരണത്തിൽ വന്ന വീഴ്ച കാരണമായി ഹരിത ട്രൈബ്യൂണൽ കേരളത്തിന് ഒരു കോടി രൂപ പിഴയിട്ടതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) | എന്നായിരുന്നു റിപ്പോർട്ട് സമർപ്പിക്കേണ്ടിയിരുന്നത്; പ്ലാസ്റ്റിക് മാലിന്യ സംസ്കരണത്തിൽ വന്ന വീഴ്ച കാരണമായി ഹരിത ട്രൈബ്യൂണൽ കേരളത്തിന് ഒരു കോടി രൂപ പിഴയിട്ടുകയുണ്ടായോ ; ഇല്ലെങ്കിൽ വിശദാംശങ്ങൾ നൽകുമോ? | | |

സെക്ഷൻ ഓഫീസർ